**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **26-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴയേയും ചങ്ങനാശ്ശേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന എ. സി. റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനെ സെമി എലിവേറ്റഡ് ഹൈവേ ആക്കി ഉയർത്തുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എം സി റോഡിനെയും എൻ എച്ചിനെയും ബന്ധിപ്പിക്കുന്ന എ സി റോഡിന്റെ ഇരുവശത്തും ഫുട്ട്പാത്ത് ഉൾപ്പെടുന്ന റോഡിൽ ഒരു വശത്ത് യൂട്ടിലിറ്റി ഡക്ടോടുകൂടി ഓടയും മറുവശത്ത് ഓടയും ഉൾപ്പെടുന്നു. 3 പുതിയ വലിയ പാലങ്ങൾ (കിടങ്ങറ, നെടുമുടി, പള്ളാത്തുരുത്തി) നിലവിലുള്ള പാലങ്ങളോടു അനുബന്ധമായും, 13 ചെറു പാലങ്ങളുടെയും (കോണ്ടൂർ, പാറയ്ക്കൽ, കിടങ്ങറ ഈസ്റ്റ്, കിടങ്ങറ ബസാർ, മാമ്പുഴക്കരി, രാമങ്കരി, പള്ളിക്കുട്ടുമ്മ, മങ്കൊമ്പ്, മാധവശ്ശേരി, പാറശ്ശേരി, പൊങ്ങ, പണ്ടാരക്കുളം, കളർകോട്) 67 കലുങ്കുകളുടെയും പുനർനിർമ്മാണം ,5 ഫ്ലൈ ഓവറുകൾ , 9 കോസ് വേ, ജംഗ്ഷൻ നവീകരണം, ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ, മുട്ടാർ പാലത്തിന്റെ പുനർ നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ പരിഷ്കരണം ഉണ്ടാക്കുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി നവീകരണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യാജപ്രചരണങ്ങൾ അവസാനിപ്പിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്ഥലം എം എൽ എ മാർ, പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് റോഡ് നവീകരണത്തിലൂടെ ഉണ്ടാകുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മേപ്പടി റോഡിന്റെ നവീകരണം സംബന്ധിച്ച് ഒട്ടനവധി വ്യാജ പ്രചാരണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യാജപ്രചരണങ്ങൾ അവസാനിപ്പിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്ഥലം എം എൽ എ മാർ, പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് റോഡ് നവീകരണത്തിലൂടെ ഉണ്ടാകുന്ന ഗുണങ്ങൾ |

| | | | |
|---|---|---|---|
| | | | ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ